# പൊതുമരാമത്ത് വകുപ്പ് മന്ത്രി നേരിട്ട് റസ്റ്റ് ഹൗസ് പരിശോധിച്ചു; എഞ്ചിനീയറേയും ഓവർസിയറേയും സസ്പെന്റ് ചെയ്തു.

കായംകുളം പൊതുമരാമത്ത് റസ്റ്റ് ഹൗസിന്റെ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ സിനിയേയും ഓവർസിയർ പ്രദീപ്കുമാറിനെയുമാണ് മന്ത്രി ജി.സുധാകരൻ സസ്പെന്റ് ചെയ്തത്.

മന്ത്രി കഴിഞ്ഞയാഴ്ച നേരിട്ട് റസ്റ്റ് ഹൗസ് പരിശോധിച്ചിരുന്നു. മുറിയിലെ തലയിണക്കടിയിൽ അട്ടയെകാണപ്പെട്ടു. റസ്റ്റ് ഹൗസിന്റെ ഭിത്തികളിൽ പരസ്യ പോസ്റ്ററുകൾ പതിച്ചിരുന്നു. റസ്റ്റ് ഹൗസ് പരിസരത്ത് ബാനറുകൾ വലിച്ച് കെട്ടിയിരുന്നു. ചുറ്റുപാടും കാട്പിടിച്ച് ചെളികെട്ടി ദുർഗന്ധം വമിക്കുന്ന നിലയിലായിരുന്നു റസ്റ്റ് ഹൗസ്. ഇതിന് പ്രാഥമിക ഉത്തരവാദികളെയാണ് മന്ത്രി ജി.സുധാകരൻ സസ്പെന്റ് ചെയ്തത്.